കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ചാവക്കാട നഗരസഭ എൽ.ഡി.സി/ബി.സി ശ്രീമതി.ടി.വി.സോഫിയയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.1194/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 19/5/2014

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 13/1/2014, 18/2/2014 തീയതികളിലെ ഇ 7.9340/13 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ചാവക്കാട് നഗരസഭയിലെ എൽ.ഡി.സി/ബി.സി തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി.ടി.വി.സോഫിയയുടെ 20/12/2012 മുതൽ 3/7/2013 വരെയുള്ള കാലയളവ് റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷിച്ചിരുന്നു. ശ്രീമതി.ടി.വി.സോഫിയ 20/12/2012 മുതൽ 6 മാസക്കാലയളവിൽ മെഡിക്കൽ ഗ്രൗണ്ടിൽ ശമ്പളരഹിത അവധിയിലായിരുന്നുവെന്നും ടി അവധി റദ്ദ് ചെയ്ത് 20/12/2012 മുതൽ 5 വർഷക്കാലയളവിൽ ശമ്പള രഹിത അവധി കെ.എസ്.ആർ പാർട്ട് 1 Appendix XII C പ്രകാരം അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നുവെന്നും ടിയാൾക്ക് അവധി അനുവദിച്ചുകൊണ്ട് ഉത്തരവുകൾ ലഭിക്കാത്തതിനാൽ ടിയാളെ 4/7/2013 ൽ ജോലിയിൽ പ്രവേശിപ്പിച്ചുവെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നുവെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീമതി.ടി.വി.സോഫിയയുടെ 20/12/2012 മുതൽ 3/7/2013 വരെയുള്ള കാലയളവിലേക്ക് മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധി അനുവദിക്കണമെന്നും നഗരകാര്യ ഡയറക്ടർ പരാമർശം പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അവധി അപേക്ഷ, അവധി അനുവദിക്കുന്ന സർക്കാരിൽ യഥാസമയം ലഭിക്കാത്തതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വിശ്വസനീയത ഉറപ്പുവരുത്തുന്നതിനായുള്ള രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടമായതിനാലും അവധി കാലയളവിനിടയ്ക്ക് അനുബന്ധം XII C ഭാഗം I കെ.എസ്.ആർ പ്രകാരമുള്ള ശൂന്യവേതനാവധിക്ക് അപേക്ഷിച്ചതിനാലും ശ്രീമതി.ടി.വി.സോഫിയ രോഗിയല്ല എന്നും മെഡിക്കൽ

സർട്ടിഫിക്കറ്റിൻമേലുള്ള ശൂന്യവേതനാവധിയ്ക്ക് അർഹയല്ല എന്നും കാണുന്നു. ഈ സാഹചര്യത്തിൽ ചാവക്കാട് നഗരസഭയിലെ എൽ.ഡി.സി/ബി.സി ശ്രീമതി.ടി.വി.സോഫിയയുടെ 20/12/2012 മുതൽ 3/7/2013 വരെയുള്ള ഹാജരില്ലായ്മ ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ ചട്ടം 88 ഭാഗം 1 കെ.എസ്.ആർ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാത്ത ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്.വേണുഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, ചാവക്കാട് നഗരസഭ.
ശ്രീമതി.ടി.വി.സോഫിയ, എൽ.ഡി.സി/ബി.സി, ചാവക്കാട് നഗരസഭ (ചാവക്കാട് നഗരസഭാ സെക്രട്ടറി മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.